"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണം - തലസ്ഥാന നഗര വികസന പദ്ധതി - പട്ടം - കവടിയാർ റോഡ് വികസനം - എൽ.എ.ആർ 38/2008-ന്മേലുള്ള ബാലൻസ് തുക ശ്രീമതി. സുജനി ഈപ്പൻ ലൂക്ക്-ന് റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1915/2024/LSGD തീയതി,തിരുവനന്തപുരം, 15-10-2024

---

പരാമർശം:-

1. സ.ഉ.(സാധാ) നം.879/2023/തസ്വഭവ തീയതി 13.04.2023
2. സ.ഉ.(സാധാ) നം. 4607/2023/ധന തീയതി 16.06.2023
3. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 23.12.2023-ലെ എ3/405/2008/ട്രിഡ നമ്പർ കത്ത്.
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 29.06.2024-ലെ കെ18-64837/2011 നമ്പർ കത്ത്.
5. സ.ഉ.(സാധാ) നം. 6418/2024/ധന തീയതി 22.08.2024

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - കവടിയാർ റോഡ് വികസനത്തിനായി കവടിയാർ വില്ലേജിൽ സർവ്വേ നം.1732/2-ൽപ്പെട്ടതും ശ്രീമതി.സുജനി ഈപ്പൻ ലൂക്ക്-ന്റെ ഉടമസ്ഥതയിലുണ്ടായിരുന്നതുമായ 1.45 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 38/2008-ൽ സൂചന (1), (2) എന്നിവ പ്രകാരം അനുവദിച്ച തുകയായ 3,76,385/-രൂപ ബഹു.കോടതിയിൽ കെട്ടിവച്ചിട്ടുള്ളതായും ബാലൻസ് തുകയായ 36,900/-രൂപ കൂടി അനുവദിക്കണമെന്നും പരാമർശം (4) പ്രകാരം ജില്ലാ കളക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽ പരാമർശിച്ച ബാലൻസ് തുകയായ 36,900/-രൂപ (മുപ്പത്തിയാറായിരത്തി തൊള്ളായിരം രൂപ മാത്രം) ശ്രീമതി സുജനി ഈപ്പൻ ലൂക്ക്-ന് അനുവദിക്കുന്നതിന് പരാമർശം (5) പ്രകാരം 37000/-രൂപ '4217-60-800-93-PAYMENT OF COMPENSATION IN LAR CASES (Plan-Charged) എന്ന ശീർഷകത്തിൽ അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ പ്രകാരമുള്ള അധികധനാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ എൽ.എ.ആർ. 38/2008-ന്മേലുള്ള ബാലൻസ് തുകയായ 36,900/-രൂപ (മുപ്പത്തിയാറായിരത്തി തൊള്ളായിരം രൂപ മാത്രം) കക്ഷിയായ ശ്രീമതി സുജനി

ഈപ്പൻ ലൂക്ക്-ന് (Aries Cottage, Pappanamcode, Thiruvananthapuram) '4217-60-800-93-PAYMENT OF COMPENSATION IN LAR CASES (Plan-Charged)' എന്ന ശീർഷകത്തിൽ അധികധനാനുമതിയായായി അനുവദിച്ച 37,000/-രൂപയിൽ നിന്നും റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4) പരമാർശം (5) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിനുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി നഗരകാര്യഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)
ശ്രീമതി സുജനി ഈപ്പൻ ലൂക്ക്, Aries Cottage, Pappanamcode, Thiruvananthapuram
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ./ഇ & ആർ.എസ്.എ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
നിയമവകുപ്പ് (സ്യൂട്ട് II1/80/2023-LAW, dated 03.04.2023)
ധനവകുപ്പ് (WCD-3/105/2023-ധന(2423938, dated 10.09.2024)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 15-10-2024 14:03:03
സെക്ഷൻ ഓഫീസർ